(സി) നല്ലയിനം വിത്തുകൾ ശേഖരിച്ച് ഒരു മാതൃകാതോട്ടം ഉണ്ടാക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1,37,566 ഏക്കർ സ്ഥലത്ത് റബ്ബർകൃഷി ചെയ്തിട്ടുണ്ട്.

(ബി) ഗവണ്മെൻറ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ റബ്ബർബോർഡ് നല്ലയിനം വിത്തുകളും തൈകളും കൺസെഷൻ റേറ്റിൽ വിൽക്കുന്നുണ്ട്.

(സി) മാതൃകാതോട്ടം ഉണ്ടാക്കുവാൻ ഇപ്പോൾ ആലോചനയില്ല. റബ്ബർബോർഡ് ഒരു ഗവേഷണകേന്ദ്രം ഉണ്ടാക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു.

ഓവർലോഡ്.

* 166. [55] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ്ഹൈവേസ്സിലെ ബസ്സുകളിലെ ഓവർലോഡ് അവസാനിപ്പിക്കുവാൻ ഗവണ്മെൻറ് ശ്രമിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള ഗവണ്മെൻറ് പദ്ധതി എന്താണ് ;

(സി) എത്ര ബസ്സുകൾകൂടിയുണ്ടെങ്കിൽ ഇന്നുള്ള ഓവർലോഡ് അവസാനിപ്പിക്കുവാൻ കഴിയുമെന്നാണ് ഗവണ്മെൻറ് കണക്കാക്കുന്നത് ;

(ഡി) ഷട്ടിൽ സർവ്വീസുകളിൽ ഇന്ന് എത്ര ശതമാനം ഓവർലോഡ് ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) കൂടുതൽ ബസ്സുകൾ ഇറക്കുക.

(സി) ഉദ്ദേശം 100 (നൂറ്) ബസ്സുകൾ.

(ഡി) 25 ശതമാനം.

മിനിമംവേജസ്.

* 167. [56] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിക്കാൻ ഒരു അന്വേഷണക്കമ്മീഷനെ നിയോഗിച്ചിട്ട് ഇപ്പോൾ എത്ര കാലമായി ;

(ബി) ആ കമ്മീഷനെയുടെ പ്രവർത്തനം എത്രയായി ;

(സി) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മിനിമംവേജസ് നിശ്ചയിച്ചുകൊണ്ടുള്ള പ്രഖ്യാപനത്തിന്റെ അടിയന്തിരപ്രാധാന്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly